സ്പാനിന്റെ 3 ബീമിൽ 2 ബീം പൂർത്തിയായിട്ടുണ്ട്. ഒരെണ്ണത്തിന്റെ പണി നടന്നുവരികയാണ്. മൂന്നാമത്തെ സ്പാനിന്റെ 1 ബീം പൂർത്തിയായി. ബോർഡ് കാസ്റ്റ് ഇൻ-സിറ്റു പൈലുകളുടെ ഫൗണ്ടേഷനാണ് പാലത്തിന്റെ തൂണുകൾക്ക് നൽകിയിട്ടുണ്ട്. പാലത്തിന്റെ ഇരുവശങ്ങളിലുമായുള്ള 835 മീറ്റർ നീളമുള്ള സമീപറോഡിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

(സി) 2012 മാർച്ചിൽ പണി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തി മാർച്ച് 2012-ൽ പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രോഗ്രാം ചാർട്ട് തയ്യാറാക്കി. അതുപ്രകാരം പണികൾ നടത്തുന്നതിന് കരാറുകാരന് കർശന നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

നുച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് പുനരുദ്ധാരണം

222 (1950) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ നുച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് എം.ഡി.ആർ. കാറ്റഗറിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന് താമസമുണ്ടെങ്കിൽ പ്രസ്തുത റോഡിന്റെ ഉപരിതലം പുതുക്കൽ നടപടി പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നബാർഡിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ നുച്യാട്-മണിക്കടവ്-കാഞ്ഞിരക്കൊല്ലി റോഡ് O. D. R/V. R കാറ്റഗറിയിൽ പ്പെട്ടതാണ്. ഇത് MDR കാറ്റഗറിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

പുളിക്കീഴ് പാലം നിർമ്മാണം

223 (1951) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കാർത്തികപ്പള്ളി പുളിക്കീഴ് പാലം നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ട് എത്ര മാസങ്ങളായി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര മാസങ്ങൾകൊണ്ട് പ്രസ്തുത പാലം നിർമ്മാണം പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കാനായിരുന്നു തീരുമാനം ;

(ഡി) നിശ്ചയിച്ച കാലയളവിനുള്ളിൽ പ്രസ്തുത പാലം പൂർത്തിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പാലംപണി നിർദ്ദിഷ്ട സമയത്ത് പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയ കാര്യം അന്വേഷിക്കാൻ തയ്യാറാകുമോ ;

(എഫ്) പ്രസ്തുത പാലംപണി നിർദ്ദിഷ്ട സമയത്ത് പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തിയ എഞ്ചിനീയർമാരുടെയും ഉദ്യോഗസ്ഥരുടെയും. പേരിൽ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) പുളിക്കീഴ് പാലത്തിന്റെ കോൺക്രീറ്റ് പണികൾ പൂർത്തിയായി. അപ്രോച്ച് റോഡിന്റെ പണികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം പഴയ പാലം പൊളിക്കാൻ കഴിയാതെ വന്നതിനാൽ പുതിയ പാലത്തിന്റെ പണി യഥാസമയം തുടങ്ങുവാൻ സാധിച്ചില്ല. 23-3-2010-ൽ പഴയ പാലം പൊളിച്ചു തുടങ്ങി. 12-2-2011-ൽ പുതിയ പാലത്തിന്റെ കോൺക്രീറ്റു പണികൾ പൂർത്തിയാക്കി.

(സി) 12 മാസംകൊണ്ട് പാലം നിർമ്മാണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന് 28-2-2011 വരെ പണി പൂർത്തിയാക്കുന്നതിനുള്ള സമയം നീട്ടിക്കൊടുത്തിട്ടുണ്ട്.

(ഇ&എഫ്) വീതി കുറഞ്ഞതാണെന്നതൊഴിച്ചാൽ ബലവത്തായ ഒന്നായിരുന്നു പഴയ പാലം. പൊളിയുന്നതുവരെയും ഇതിലൂടെയാണ് വാഹനങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നത്. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെട്ട അടിയന്തര സ്വഭാവമുള്ള പണികൾ നടത്തുന്നതിനുള്ള സാധന സാമഗ്രികൾ ഈ പാലത്തിലൂടെയാണ് എത്തിച്ചുകൊണ്ടിരിക്കുന്നത്. ആയതിനാൽ പാലം പൊളിക്കുന്നതിനുമുമ്പ് മറ്റു സർക്കാർ പദ്ധതികളെ ഇത് ബാധിക്കില്ല. എന്ന് ഉറപ്പു വരുത്തേണ്ടത് ആവശ്യമായിരുന്നു. അതു മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായ താമസം. ഇതുമൂലം സർക്കാരിന് യാതൊരുവിധ അധികച്ചെലവും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്ത് വീഴ്ച വന്നതായി കരുതുന്നില്ല.

പാത്തിക്കുഴി പാലം

224 (1952) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കാടപുടി-പുത്തൂർ-പള്ളിക്കൽ റോഡിലെ പാത്തിക്കുഴി പാലം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly